FEBRUARY 25 2013

THE KCS NEWS

www.kcschicago.com www.facebook.com/ChicagoKCS

KNANAYA CATHOLIC SOCIETY OF CHICAGO

VOL 2 ISSUE 2

Patron: **Arch Bishop Rt. Rev. Dr. Mathew Moolakatt**
Spiritual Director : **Rev. Fr. Abraham Mutholath**
President: **George Thottapuram**
Secretary: **Juby Vennalasseril**
News Editor : **Roy Chelamalayil**

കനായ ആവേശം ഇരമ്പുന്നു; കനായ സമാധാന റാലി മാർച്ച് 3 ന് സീറോ മലബാർ ആസ്ഥാനത്തേയ്ക്ക്

"കനായിത്തൊമ്മൻ കൊടുങ്ങല്ലൂരിൽ അന്നു കൊളുത്തിയ ദീപശിഖ തലമുറ തലമുറ കൈമാറി കെടാതെ സൂക്ഷിക്കും"

നോർത്ത് അമേരിക്കിലെ കനായ കാത്തോലിക്കാ സമുദായത്തിന്റെ ദേശീയ സംഘടനയായ കെ.സി.സി.എൻ. എ യുടെ ആഭിമുഖ്യത്തിലും കെ.സി.എസ്സിന്റെ ആതിഥേയത്വത്തിലും മാർച്ച് 3-ാം തീയതി ഞായറാഴ്ച 12 മണിക്ക് ചിക്കാഗോ സെന്റ് തോമസ് സീറോ മലബാർ രൂപത ആസ്ഥാനത്തേയ്ക്ക് സമാധാനപരമായി റാലി നടത്തുന്നു. രാവിലെ പത്തുമണിക്ക് സേക്രട്ട് ഹാർട്ട്, സെന്റ് മേരീസ് ഇടവക ദൈവാലയത്തിലെ വിശുദ്ധ കുർബ്ബാനയ്ക്കുശേഷം രണ്ടു ദൈവാലയങ്ങളിൽനിന്നും, കമ്മ്യൂണി സെന്ററിൽനിന്നും സീറോ മലബാർ രൂപത ആസ്ഥാനത്തേയ്ക്ക് പ്രത്യേക ബസ് സർവ്വീസ് ഉണ്ടായിരിക്കുന്നതാണ്. ഉച്ചഭക്ഷണം പായ്ക്കറ്റുകളിലായി ബസ്സുകളിൽവച്ച് നൽകുന്നതായിരിക്കും. സമാധാനമാർച്ചിൽ ഉപയോഗിക്കേണ്ട മുദ്രാവാക്യങ്ങളും, പ്ലാകാർഡുകളും, ബാനറുകളും കെ.സി.സി.എൻ. എ തയ്യാറാക്കി തരുന്നതായിരിക്കും. തികച്ചും സമാധാനപരമായി, സിറ്റി അധികൃതരുടെ മാർഗനിർദേശങ്ങൾക്ക് അനുസൃതമായിരിക്കും മാർച്ച് നടത്തപ്പെടുക. സിറ്റി അധികൃതരുടെ നിർദേശങ്ങൾക്ക് എതിരായുള്ള ഒരു നടപടിയും അനുവദിക്കുന്നതല്ല. എല്ലാ സമുദായ സ്നേഹികളും തങ്ങളുടെ വികാരപ്രകടനങ്ങൾ രാജ്യത്തെ നിയമങ്ങൾക്ക്

(ശേഷം പേജ് 2 ൽ)

കെ.സി.എസ്സ് പ്രവർത്തനോൽഘാടനം നടത്തപ്പെട്ടു

ചിക്കാഗോ: ചിക്കാഗോ കനായ കാത്തലിക് സൊസൈറ്റിയുടെ 2013-2014 ഭരണസമിതിയുടെ പ്രവർത്തനോൽഘാടനം വർണ്ണശബളമായ പരിപാടികളോടെ നടത്തപ്പെട്ടു. ഫെബ്രുവരി 9-ാം തീയതി ശനിയാഴ്ച വൈകിട്ട് 6.30ന് കെ.സി.എസ് കമ്മ്യൂണിറ്റി സെന്ററിൽ കെ.സി.എസ് പ്രസിഡന്റ് ജോർജ് തോട്ടപ്പുറം അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ കെ.സി.സി.എൻ.എ പ്രസിഡന്റ് ഡോ. ഷീൻസ് ആകശാലയാണ് പ്രവർത്തനോൽഘാടനം നിർവ്വഹിച്ചത്. സീനിയർ സിറ്റിസൺ ഫോറത്തിന്റെ നേതൃത്വത്തിൽ ഇരുപത്തഞ്ചോളം പേർ ചേർന്നവതരിപ്പിച്ച പ്രാർത്ഥനാഗാനത്തോടെ ആരംഭിച്ച സമ്മേളനത്തിൽ വിമൻസ്ഫോറം നാഷണൽ വൈസ്പ്രസിഡന്റ് ചിന്നുതോട്ടം, കെ.സി.എസ്സ് മുൻപ്രസിഡന്റ് സിറിയക് കൂവക്കാട്ടിൽ എന്നിവർ ആശംസകൾ നേർന്നു. കെ.സി.സി.എൻ.എ ട്രഷറർ നിമ്മി തുരുത്തുവേലിൽ, റീജണൽ വൈസ് പ്രസിഡന്റ് ഷിജു ചെറിയത്തിൽ, കെ.സി.വൈ.എൽ പ്രസിഡന്റ് മാറ്റ് പതിയിൽ, യുവജനവേദി പ്രസിഡന്റ് സിറിൽ മാളിയേക്കത്തറ, വൈസ് പ്രസിഡന്റ് ഡിപിൻ, കെ.സി.ജെ.എൽ കോഡിനേറ്റേഴ്സായ രാജേഷ് കിഴക്കേതിൽ, പ്രതിഭാ തച്ചേട്ട്, കിഡ്സ് ക്ലബ് കോഡിനേറ്റേഴ്സായ ഷിബു മുളയാനിക്കുന്നേൽ, ആൽഫി വാക്കേൽ,

(ശേഷം പേജ് 4 ൽ)

കന്നായക്കാരൻ എന്നതിൽ അഭിമാനിക്കണം; തിളക്കണം ചോരഞരമ്പുകളിൽ സോദരരേ!

(ഒന്നാം പേജിൽനിന്നും തുടർച്ച)

വിധേയമായി നിയന്ത്രിക്കണമെന്ന് കെ.സി.സി.എൻ.എ യും കെ.സി.എസ്സും അഭ്യർത്ഥിക്കുന്നു. ജനപങ്കാളിത്വം കൊണ്ട് ശ്രദ്ധേയമായി മാറേണ്ടതാണ് ഈ സമ്മേളനം എന്ന് കെ.സി.എസ്സ് നേതൃത്വം കരുതുന്നു. ആയതിനാൽ കെ.സി.എസ്സിൽ നിന്നും കൂടുതൽ അംഗങ്ങൾ ഈ സമാധാനറാലിയിൽ പങ്കെടുക്കേണ്ടതാണ്. അന്നേദിവസം നിങ്ങൾ ഓരോരുത്തരും കുടുംബസമേതം മാർച്ചിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കെ.സി.സി.എൻ.എ യുടെ മറ്റുള്ള യൂണിറ്റുകളിൽ നിന്ന് നൂറു കണക്കിന് അംഗങ്ങൾ ചാർട്ടർ ബസ്സുമാർഗ്ഗം ചിക്കാഗോയിൽ എത്തുന്നതാണ്.

അവർക്കുള്ള താമസ സൗകര്യങ്ങളും മറ്റും നൽകാൻ കെ.സി.എസ്സിലേ ഓരോ കുടുംബാംഗങ്ങളും വിനീതമായി അഭ്യർത്ഥിക്കുന്നു. ഈ ചരിത്ര സംഭവത്തിനു സാക്ഷിയാകാൻ മറ്റു സംസ്ഥാനങ്ങളിലേ നിങ്ങളുടെ ഓരോ ബന്ധുക്കളോടും അഭ്യർത്ഥിക്കണമെന്ന് അപേക്ഷിക്കുന്നു

എന്ന്

കെ.സി.എസ്സ് ആക്ഷൻ കൗൺസിൽ

ചാരിറ്റി ബേബിഷവർ

കെ.സി.എസ്. വിമൻസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ചാരിറ്റി ബേബിഷവർ നടത്തുന്നു. ഏപ്രിൽ 7-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മുതൽ 7 വരെ കമ്മ്യൂണിറ്റി സെന്ററിൽവെച്ചാണ് ചാരിറ്റി ബേബിഷവർ നടത്തുന്നത്. നമ്മുടെ സഹായം ആവശ്യമുള്ള നിർദ്ധനരായ ഗർഭിണികളായ സ്ത്രീകളെ സഹായിക്കുന്നതിനുവേണ്ടിയാണ് ഈ പരിപാടി നടത്തപ്പെടുന്നത്. പുതുപ്പ്, ഡയഫർ, ഷാമ്പൂ, ടൗവൽ, ബേബി വൈപ്പ് തുടങ്ങിയ സാധനങ്ങൾ അന്നേദിവസം കൊണ്ടുവരാവുന്നതാണ്.

എന്ന്

കെ.സി.എസ്. വിമൻസ് ഫോറം

സെനീനാ മടയനക്കാവിലും ദീപു കണ്ടാരപ്പള്ളിയും നോമിനേഷൻ നല്കി

കെ.സി.എസ്സ് എംപ്ലോയ്മെന്റ് റിസോഴ്സ് കമ്മറ്റിക്ക് തുടക്കം കുറിച്ചു

ചിക്കാഗോ: ചിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ എംപ്ലോയിമെന്റ് റിസോഴ്സ് കമ്മറ്റിക്ക് തുടക്കംകുറിച്ചു. നാട്ടിൽനിന്നും പുതിയതായി എത്തുന്നവരേയും, മുതിർന്നവരേയും വിവിധ രീതിയിൽ സഹായിക്കുക എന്നുള്ളതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. സീനിയർ സിറ്റിസൺസിന് സർക്കാരിന്റെ വിവിധ ഏജൻസികൾവഴി ലഭിക്കുന്ന ആനുകൂല്യങ്ങളേക്കുറിച്ച് ഈ കമ്മറ്റി സമുദായ അംഗങ്ങളെ അറിയിക്കുന്നതായിരിക്കും. കെ.സി.എസ്. എംപ്ലോയ്മെന്റ് റിസോഴ്സ് കമ്മറ്റിയുടെ വെബ്സൈറ്റിന്റെ ഉൽഘാടനം കെ.സി.സി.എൻ.എ പ്രസിഡന്റ് ഡോ. ഷീൻസ് ആകശാല നിർവ്വഹിച്ചു. കെ.സി.എസ്. പ്രസിഡന്റ് ജോർജ് തോട്ടപ്പുറം അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ കമ്മറ്റി ചെയർമാൻ ടോമി കണ്ണാല പദ്ധതിയേക്കുറിച്ച് വിശദീകരിച്ചു. കമ്മറ്റി അംഗങ്ങളായ ജോസ് ഓലിയാനിക്കൽ, ജൂബി വെണ്ണലശേരി, ജസ്മോൻ പുറമഠത്തിൽ, ബാബു തൈപ്പറമ്പിൽ, ജസ്റ്റിൻ തെങ്ങനാട്ട് എന്നിവർ വെബ്സൈറ്റ് ഉൽഘാടന സമ്മേളനത്തിൽ സന്നിഹിതരായിരുന്നു.

EXECUTIVE BOARD:
PRESIDENT
GEORGE THOTTAPURAM
847-975-9239
VICE PRESIDENT
JESSMON PURAMADATHIL
224-595-4360
SECRETARY
JUBY VENNALASSERIL
847-293-9261
JOINT SECRETARY
BABU THAIPPARAMBIL
630-935-2644
TREASURER
JUSTIN THENGANATT
847-287-5125
LEGISLATIVE BOARD
Jose Oliyanickal(Chairman)
Jose Thattarettu (V. Chairman)
FINANCE COMMITTEE:
Jaimon Nanthikattu(Chairman)
George Chackalathottiyil
Sunil Koithara
Xavier Madathil
Abraham Ealoor
OUTDOOR COMMITTEE:
Simon Kattapuram (Chairman)
Joby Kuzhiyamparambil
Sijo Kulathilkarottu
Arun Nellamattam
Biju Kannachanparambil
ENTERTAINMENT COMMITTEE:
Zacharia Chelackal(Chairman)
Laly Mukalel
Abin Kulathilkarottu
Thomas Appozhiparambil
NEWSLETTER COMMITTEE:
Roy Chelamalayil (News Editor)
James Mannakulam(Sub Editor)
Santhosh Kalarickaparambil
Sudeep Makkil
MEMBERSHIP COMMITEE:
Tomy Kannala (Chiarman)
Ebi Thekkemalayil
LITURGY COMMITTEE:
Peena Manappallil (Chairwoman)
Jipson Pillaveettil
LAISON BOARD:
Saji Erappuram (Chairman)
Saji Thekkumkattil (V. Chairman)
Binu Kaithakkathottiyil
Tomy Vallipparambil
Lukose Poozhikkunnel
BUILDING BOARD:
Joy Kottoor
Shaji Pulimala
NATIONAL COUNCIL MEMBERS:
Deepu Kandarappallil (Youth Rep)
Serine Madayanakavil (Women's Rep)
Tomy Nediyakala
James Thirunelliparambil
Tony Pullapally
Biju Thuruthiyil
Jojo Analil
AUDITOR:
Jose Vattadikunnel

ക്നാനായ റാലി വിജയിപ്പിക്കുക

പ്രിയ ക്നാനായ സഹോദരീ സഹോദരന്മാരേ,

കെ.സി.എസ്. എന്ന വലിയ കുടുംബത്തിൽ നിന്നും വേർപിരിഞ്ഞ് ദൈവ സന്നിധിയിലേക്കുപോയ ജോസഫ് സ്റ്റീഫൻ പുത്തൻപുരയിൽ, ജോസഫ് കാഞ്ഞിരത്തുങ്കൽ, ജോർജ് പടിഞ്ഞാറേൽ എന്നിവരുടെ സ്മരണയ്ക്കുമുമ്പിൽ കെ.സി.എസ്. ആദരാഞ്ജലികൾ അർപ്പിക്കുന്നു.

നോർത്ത് അമേരിക്കയിലെ ക്നാനായ ജനതയുടെ ആവശ്യങ്ങൾക്കുനേരെ ഉത്തരവാദിത്വപ്പെട്ടർ അനുകൂല നടപടികൾ സ്വീകരിക്കാത്തതിൽ പ്രതിഷേധിക്കുവാനും, കഴിഞ്ഞ 26 വർഷമായി നീതി നിഷേധിക്കപ്പെട്ട് അടിച്ചമർത്തപ്പെട്ട ഒരു ജനത തങ്ങളുടെ ജന്മാവകാശങ്ങൾ സഭാതലത്തിൽ സംരക്ഷിച്ചു കിട്ടുവാൻ വേണ്ടിയും മാർച്ച് 3-ാം തീയതി ഞായറാഴ്ച ചിക്കാഗോ സെന്റ് തോമസ് സീറോ മലബാർ ആസ്ഥാനത്തേക്ക് സമാധാന റാലി നടത്തുന്നു. ചിക്കാഗോ കെ.സി.എസിലെ എല്ലാ അംഗങ്ങളും ഈ സമാധാന റാലിയിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കെ.സി.സി.എൻ.എ.യുടെ കീഴിലുള്ള എല്ലാ യൂണിറ്റുകളിൽനിന്നും ധാരാളംപേർ റാലിയിൽ പങ്കെടുക്കാൻ ചിക്കാഗോയിൽ എത്തുന്നതാണ്. കെ.സി.സി.എൻ.എ. നേതൃത്വം കൊടുക്കുന്ന റാലി ഒരു ചരിത്രസംഭവമാക്കി മാറ്റേണ്ടത് നമ്മുടെ കടമയും കർത്തവ്യവുമാണ്. കെ.സി.എസ്. ആക്ഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ അമ്പതോളം വോളന്റിയേഴ്സ് റാലിക്ക് ആവശ്യമായ ഒരുക്കങ്ങൾ നടത്തിവരുന്നു. റാലിക്ക് ആവശ്യമായ അനുവാദം എൽമസ്റ്റ് പോലീസ് അധികൃതരുടെ ഭാഗത്തുനിന്ന് ലഭിച്ചു കഴിഞ്ഞു. റാലി സമാധാനപരമായിട്ടാണ് നമ്മൾ നടത്തേണ്ടത്. സൈഡ് വാക്കിൽക്കൂടി മാത്രമേ നമുക്ക് നടക്കാൻ അവകാശമുള്ളൂ. നിയമപാലകരുടെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ആരെങ്കിലും പ്രവർത്തിക്കാനിടയായാൽ അവരെ നിമയത്തിന്റെ വഴിയിലൂടെ നിയമപാലകർ നേരിടുന്നതായിരിക്കും.

കഴിഞ്ഞ 26 വർഷക്കാലം ക്നാനായ ജനതയോടു പ്രതിഷേധിക്കാനുള്ള അവകാശം സഭാപരമായി തെറ്റാണ് എന്നുപറഞ്ഞ് നമ്മേ മാറ്റിനിർത്തിയവർ ഈ റാലിയിൽനിന്നും മാറിനിൽക്കണമെന്ന് വീണ്ടും ഉപദേശിച്ചേക്കാം. എന്നിരുന്നാലും നമ്മുടെ ജന്മാവകാശമായ ക്നാനായത്വം സ്ഥാപിച്ചെടുക്കാനുള്ള നമ്മുടെ യാത്രയിൽ നിങ്ങളും ഒപ്പം ഉണ്ടാകുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. ഒരു കൈയിൽ മെഴുകുതിരിയും മറുകൈയിൽ കൊന്തയുമായി നമുക്കൊരുമിച്ച് നമ്മുടെ അവകാശങ്ങൾക്കായി ഒന്നിച്ച് അണിചേരാം സോദരരേ.

നിങ്ങൾ ഓരോരുത്തരേയും മാർച്ച് 3 ലെ റാലിയിലേക്ക് ഹാർദ്ദവമായി ക്ഷണിച്ചുകൊള്ളുന്നു.

എന്ന്

ജോർജ് തോട്ടപ്പുറം
കെ.സി.എസ്. പ്രസിഡന്റ്

കെ.സി.എസ്സ് പ്രവർത്തനോൽഘാടനം നടത്തപ്പെട്ടു

(ഒന്നാം പേജിൽനിന്നും തുടർച്ച)

സമ്മേളനത്തിൽ കെ. സി. എ സ്സിന്റെ ചാരിറ്റി പ്രോജക്ടായ ഡോളർ ഫോർ ക്നാനായ പദ്ധതി തോമസ് നന്ദികാട്ടിൽനിന്നും ആയിരം ഡോളർ ചെക്കു വാങ്ങി ഡോ.ഷീൻസ് ആകശാല ഉൽഘാടനം ചെയ്തു.

ചിക്കാഗോയിൽ പുതിയതായി വരുന്ന സമുദായ അംഗങ്ങളേ സഹായിക്കുന്നതിനുള്ള എംപ്ലോയിമെന്റ് റിസ്സോഴ്സ് കമ്മറ്റിയുടെ ഉൽഘാടനം സമ്മേളനത്തിൽ നടത്തുകയുണ്ടായി. കമ്മറ്റി ചെയർമാൻ ടോമി കണ്ണാല പദ്ധതിയുടെ ഉദ്ദേശത്തേക്കുറിച്ച് സമ്മേളനത്തിൽ പ്രസംഗിച്ചു.

തുടർന്ന് വിമൻസ്ഫോറം, യുവജന വേദി, കെ.സി.ജെ.എൽ, കിഡ്സ്ക്ലബ് എന്നിവരുടെ നേതൃത്വത്തിൽ നടത്തപ്പെട്ട കലാസന്ധ്യക്ക് ജയിൻ മുണ്ടപ്ലാക്കിൽ എം.സി.യായിരുന്നു.

കലാസന്ധ്യയ്ക്ക് എന്റർടൈന്റ് മെന്റ് കമ്മറ്റി ചെയർമാൻ സക്കറിയാ ചേലയ്ക്കൽ, ജിജി കുന്നത്തുകിഴക്കേതിൽ, ജോസ് മണക്കാട്ട്, എന്നിവർ നേതൃത്വം നൽകി. കെ.സി.എസ്സ് ന്യൂസ് ലെറ്റർ കിസ്സ് മത്സരങ്ങൾക്കുള്ള സമ്മാനം ലഭിച്ചവരുടെ പേരുകൾ കോഡിനേറ്റർ ജോൺ കാരമ്യാലി പ്രഖ്യാപിക്കുകയും, വിതരണം ചെയ്യുകയും ചെയ്തു.

സുമി തേക്കുംകാട്ടിൽ, സമയാ തേക്കുംകാട്ടിൽ, കെ.സി.എസ്സ് ലെയ്സൺ ചെയർമാൻ സജി തേക്കുംകാട്ടിൽ, ലെജിസ്ലേറ്റീവ് ബോർഡു ചെയർമാൻ ജോസ് ഓലിയാനിക്കൽ എന്നിവർ വേദിയിൽ സന്നിഹിതരായിരുന്നു. വൈസ് പ്രസിഡന്റ് ജെസ്മോൻ പുറമഠത്തിൽ സ്വാഗതവും, ജോ.സെക്രട്ടറി ബാബു തൈപ്പപറമ്പിൽ കൃതജ്ഞതയും പറഞ്ഞു. സെക്രട്ടറി ജൂബി വെണ്ണലശേരി, ട്രഷറർ ജസ്റ്റിൻ തെങ്ങനാട്ട് എന്നിവർ എം.സി.മാരായിരുന്നു.

പിതാക്കന്മാരുടെ ഓർമ്മ ആചരിച്ചു

Dear all,

Our next KCJL event is

Cosmic Skating Night

Friday, March 1, 2013
from 8-10pm
Northbrook Sports Center
1730 Pfingsten Road, Northbrook, IL - 60062

Join us on Friday night for cool fun, music, special effects and lighting. Visitors can chill with friends on and off the ice. The evening events welcome students in 6th grade or older (bring your student ID).

5th graders are also welcome with parent permission.

Cosmic Skating Prices
Adults (18 & Up) $6
Youth (6th Grade-17 Years) $5
Skate rental $ 3
Non skaters $ 5

KCJL Co-ordinators,

Rajesh Kizhakkethil *(847) 345-3552*

Prathibha Thachet *(224) 805-2433*

Please put thenames area coordinators under KCJL
Josmy Edukutharayil, Manju Jomon, Manju Padinjarel, Princy Thaiparambil, Jisha Poothurail, Bincy Ammaikkunnel, Binu Thodukayil, Jex Nediakalayil, Shawn Kadalimattom, Shiju Cheriyathil

നമുക്കും ഒരു കൺവൻഷൻ നടത്തേണ്ടേ?

1996 നു ശേഷം ഷിക്കാഗോയിൽ ഒരു കൺവൻഷൻ നടന്നിട്ടില്ല. ഇന്ന് ചിക്കാഗോ ക്നാനായ സമുദായം ഒന്നാകെ ആവശ്യപ്പെടുന്നു നമുക്കും വേണം ഒരു കൺവൻഷൻ. ചിക്കാഗോയിൽ കൺവൻഷൻ വരാൻ നാം എല്ലാവരും ഒത്തൊരുമിച്ച് ശ്രമിക്കണം. 114 നാഷണൽ കൗൺസിലിൽ ഭൂരിപക്ഷം പേരും നമുക്കനുകൂലമായി സമ്മതം തരണം. അതിനിടെ ചിക്കാഗോയിൽ നിന്നും അപസ്വരം ഉയരാൻ പാടില്ല. നാം ഒന്നാണ് എന്ന തായിരിക്കണം പുറത്തേയ്ക്കു പോകേണ്ട വാർത്ത. കഴിഞ്ഞ 18 വർഷം നമ്മൾ മറ്റുള്ള സ്ഥലങ്ങളിൽ കെ.സി.സി.എൻ.എ. കൺവൻഷന് ആളും അർത്ഥവും കൊടുത്തു സഹായിച്ചു. ഇനി നമുക്കും വേണം ഒരു കൺവൻഷൻ ചിക്കാഗോയിൽ. ചിക്കാഗോ കൺവൻഷന് എതിരായി ചിക്കാഗോയിൽ നിന്ന് അപസ്വരം ഉണ്ടാകില്ല എന്ന് നമ്മൾക്കറിയാം. നമ്മൾ ഒന്നായി ഒറ്റക്കെട്ടായി ചിക്കാഗോ ക്നാനായ കൺവൻഷൻ 2014 നു വേണ്ടി ശ്രമിക്കാം. നമ്മളിൽ ഒരാൾ ചിക്കാഗോ കൺവൻഷന് എതിരായി ശ്രമിച്ചു എന്നു കേൾക്കുന്നത് കൺവൻഷന് ആഗ്രഹിക്കുന്നവർക്ക് സങ്കടമാകും. അതുണ്ടാകാതിരിക്കട്ടെ.

എന്ന്
കെ.സി.എസ്സ് ഭരണസമിതി

ഫണ്ട് റൈസിംഗ് പ്രോഗ്രാംഉദ്ഘാടനം മാർച്ച് 1 വെള്ളിയാഴ്ച

കെ. സി. എ സ്സിന്റെ ആഭിമുഖ്യത്തിൽ ഫണ്ട് റൈയിസിംഗ് പ്രോഗ്രാം നടത്തുന്നു. ചിക്കാഗോയിൽ നമുക്ക് അനുയോജ്യമായ ഒരു ജിം ഉണ്ടാകാൻ വേണ്ടിയുള്ള ധനസമാഹരണത്തിനായി കെ.സി.എസ്സ് ധനസമാഹരണ പരിപാടി നടത്തുന്നു. മെയ് 17-ാം തീയതി വെള്ളിയാഴ്ച വൈകിട്ട് 6.30 ന് ഗേറ്റ് വേ തിയേറ്ററിൽ രമേഷ് പിഷാരടി, റിമി ടോമി ടീം നയിക്കുന്ന മെഗാഷോ നടത്തപ്പെടുന്നു. നിങ്ങൾ എല്ലാവരും എന്നത്തേതുപോലെ ഈ പരിപാടിയിൽ കുറഞ്ഞത് 1000 ഡോളറിന്റെ സ്പോൺസർഷിപ്പ് എടുത്ത് ചിക്കാഗോ ക്നാനയക്കാർക്ക് സ്വന്തമായ ഒരു ജിം എന്ന സ്വപ്ന സാക്ഷാൽക്കാരത്തിന് നേതൃത്വം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

KCYL Winter Festivities

Hey Community, as the Knananya Youth of Chicago, we ended the great year of 2012 in such a great and giving way. One of the first events we did for the Christmas holiday was "Adopt A Family". Members of KCYL bought toys, clothes, or money to give away to a family who was in dire need at this time.The donations were given to an American family consisted of 2 boys and 2 girls and their parents. When they received these gifts, they faces were filled with joy and they were very thankful that they had the chance to have a real Christmas after knowing that their family was having financial struggles.

In addition KCYL also conducted a medical drive. One of our own KCYL members are going to fly out to Nicaragua in March to help out the less fortunate with medical concerns. To assist those in need, KCYL conducted a medical drive in which members bough medicine, toothpaste, toothbrush, soap/shampoo, eye glasses, bandages, and more to donate to those people who really need it across the world. We collected more then 50 medical items. Then to start of the new year of 2013, KCYL hosted a fun day of ice skating in January We all headed down to the Rosemont Ice Skating Center and had a great time hanging out with friends. And recently about 10 KCYL members volunteered at a Nursing home to help out the elderly people. They played bingo with the senior citizens, fed them, and learned about their struggles.

All these little events that we did so far were fun and were possible because of the Youth. In the future we will be having alot more events. The next upcoming and most important event that can be crucial to your child is CAREER DAY on Saturday March 23, 2013 at St. Marys (More details will be given soon). So please keep this date open to have your son or daughter attend this event to let them have more knowledge on which career they should take on.

Winter Festivites: Adopt a Family, Medical Drive, Ice Skating, Nursing Home

Upcomming Events: Career Day, Paintball, Ski Trip

ഭരണഘടന റിവ്യൂ കമ്മറ്റി രൂപീകരിച്ചു

കെ.സി.എസ്സ് ഭരണഘടനയുടെ അടിസ്ഥാന പ്രമാണങ്ങൾക്ക് യാതൊരു മാറ്റവും വരാതെ ആനുകാലികമായി ചില മാറ്റങ്ങൾ വരുന്നതിന് ഒരു ഭരണഘടന റിവ്യൂകമ്മറ്റി രൂപീകരിച്ചു. ഫെബ്രുവരി 2-ാം തീയതി കൂടിയ കെ.സി.എസ്സ് വിശേഷാൽ പൊതുയോഗം മൂന്നു പേരടങ്ങുന്ന ഭരണഘടനറിവ്യൂകമ്മറ്റി രൂപീകരിക്കാൻ കെ.സി.എസ്സ് ഭരണസമിതിയെ ചുമതലപ്പെടുത്തി. അതിന്റെ അടിസ്ഥാനത്തിൽ കെ.സി.എസ്സ് മുൻ പ്രസിഡണ്ടുമാരായ പ്രൊഫ. മേയമ്മ വെട്ടിക്കാട്ട് (ചെയർവുമൺ), ജോൺ ഇലയ്ക്കാട്ട്, മാത്യു പടിഞ്ഞാറേൽ എന്നിവരെ ഉൾപ്പെടുത്തിയുള്ള ഭരണഘടന റിവ്യൂ കമ്മറ്റിയ്ക്ക് രൂപം നൽകി. നിങ്ങൾക്കുള്ള നിർദേശങ്ങൾ കമ്മറ്റി ചെയർവുമൺ പ്രൊഫ. മേയമ്മ വെട്ടിക്കാട്ടിന് 847-890-1057 എന്ന നമ്പറിൽ വിളിച്ചു അറിയിക്കാവുന്നതാണ്. ഭരണഘടന അനുശാസിക്കുന്ന നിർദേശങ്ങൾക്ക് അനുസൃതമായിട്ടായിരിക്കും ഈ കമ്മറ്റിയുടെ പ്രവർത്തനങ്ങൾ.

കെ.സി.സി.എൻ.എ. തെരഞ്ഞെടുപ്പ് വിശേഷം

ഏതാണ്ട് ഇരുപതു വർഷങ്ങൾക്കു ശേഷമാണ് ചിക്കാഗോയിൽ കെ.സി.സി.എൻ.എ. തെരഞ്ഞെടുപ്പു നടക്കുന്നത്. വിവിധ സംസ്ഥാനങ്ങളിൽ നിന്ന് 114 നാഷണൽ കൗൺസിൽ അംഗങ്ങളുടെ സമ്മേളനമാണ് മാർച്ച് 2-ാം തീയതി ശനിയാഴ്ച രാവിലെ 9 മണിക്ക് നമ്മുടെ കമ്മ്യൂണിറ്റി സെന്ററിൽ തുടങ്ങുന്നത്. കെ.സി.സി.എൻയുടെ ഇപ്പോഴത്തെ പ്രസിഡന്റ് ഷീൻസ് ആകാശായുള്ള അദ്ധ്യക്ഷതയിൽ ചേരുന്ന സമ്മേളനം അവസാനിക്കുന്നത് പുതിയതായി തെരഞ്ഞെടുക്കപ്പെടുന്ന പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിലാണ്. ജോയി വാച്ചാച്ചിറ, ജോസ് കോട്ടൂർ, ജോർജ്ജ് നെല്ലാമറ്റം എന്നിവരുടെ നേതൃത്വത്തിലുള്ള മൂന്നംഗ ഇലക്ഷൻ ടീമാണ് തെരഞ്ഞെടുപ്പു നടത്തുന്നത്. ഉച്ചക്ക് ഒരു മണിക്ക് തെരഞ്ഞെടുപ്പു പ്രക്രിയ ആരംഭിക്കും. സ്ഥാനാർത്ഥികൾ തമ്മിലുള്ള ഡിബേറ്റ് ഇത്തവണയും ഉണ്ടായിരിക്കുന്നതാണ്. തെരഞ്ഞെടുപ്പിനു ശേഷം പുതിയ ഭരമസമിതിയുടെ അദ്ധ്യക്ഷതയിൽ ആയിരിക്കും 2014 കൺവൻഷൻ സംബന്ധമായ ചർച്ചയും തീരുമാനങ്ങളും എടുക്കുക.

സോഷ്യൽ ബോഡിയോഗം

കെ.സി.എസ്സ് സോഷ്യൽ ബോഡിയോഗം ഫെബ്രുവരി 9-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് പ്രസിഡന്റ് ജോർജ് തോട്ടപ്പുറത്തിന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. സോഷ്യൽ ബോഡിയിൽ നിന്ന് ബിൽഡിംഗ് ബോർഡിലേയ്ക്ക് രണ്ടു വർഷത്തേയ്ക്ക് ജോയി കോട്ടൂർ, ഷാജി പുളിമലയിൽ എന്നിവരെ തെരഞ്ഞെടുത്തു.

ജോയി കോട്ടൂർ

ഷാജി പുളിമലയിൽ

സീനിയർ സിറ്റിസൺ പ്രാർത്ഥനാഗാനം ആലപിക്കുന്നു

കെ.സി.എസ്. സീനിയർ സിറ്റിസൺ ഫോറം രൂപീകരിച്ചു

ജേക്കബ് പുല്ലാപ്പള്ളി



ജേക്കബ് മണ്ണാർകാട്ടിൽ

ചിക്കാഗോ: ചിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ മുതിർന്നവർക്കായി സീനിയർ സിറ്റിസൺ ഫോറം രൂപീകരിച്ചു. ഫെബ്രുവരി 1-ാം തീയതി വെള്ളിയാഴ്ച വൈകിട്ട് കെ.സി.എസ്. പ്രസിഡന്റ് ജോർജ് തോട്ടപ്പുറത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സീനിയർ സിറ്റിസൺ സമ്മേളനത്തിലാണ് സീനിയർ സിറ്റിസൺ ഫോറം രൂപീകരിച്ചത്.

മുതിർന്ന ആൾക്കാർക്ക് നിയമപരമായും, ന്യായമായും ലഭിക്കുന്ന വിവിധ ആനുകൂല്യങ്ങളെക്കുറിച്ച് കെ.സി.എസ്. റിസോഴ്സ് കമ്മറ്റി ചെയർമാൻ ടോമി കണ്ണാല സമ്മേളനത്തിൽ ക്ലാസെടുത്തു. കെ.സി.എസ് ന്റെ ശക്തിശ്രോതസായി സീനിയർ സിറ്റിസൺ ഫോറം പ്രവർത്തിക്കണമെന്ന് കെ.സി.എസ് പ്രസിഡന്റ് ജോർജ് തോട്ടപ്പുറം അഭ്യർത്ഥിച്ചു.

സീനിയർ സിറ്റിസൺ കോർഡിനേറ്ററായി ജേക്കബ് പുല്ലാപ്പള്ളിയും, കോ-കോർഡിനേറ്ററായി ജേക്കബ് മണ്ണാർകാട്ടിലും തെരഞ്ഞെടുക്കപ്പെട്ടു.

സീനിയർ സിറ്റിസൺ കൂട്ടായ്മ

സീനിയർ സിറ്റിസണിന്റെ നേതൃത്വത്തിൽ എല്ലാ വെള്ളിയാഴ്ചയും വൈകിട്ട് 7 മണിക്ക് കമ്മ്യൂണിറ്റി സെന്ററിൽ കൂട്ടായ്മ നടത്തുന്നതാണെന്ന് ജനറൽ കോഡിനേറ്റർ ജേക്കബ് പുല്ലാപ്പള്ളി അറിയിക്കുന്നു. സീനിയർ സിറ്റിസൺ കൂട്ടായ്മയിലേയ്ക്ക് ഏവരേയും സ്വാഗതം ചെയ്യുന്നു.

ഓർമ്മകളിൽ മരിക്കാത്ത ഇ.ജെ. ലൂക്കോസ് സാർ

ക്നാനായ സമുദായത്തിനും, ക്നാനായ കത്തോലിക്കാ കോൺഗ്രസ്സിനും നാലു പതിറ്റാണ്ടിലേറെ ശക്തമായ നേതൃത്വം കൊടുത്ത ഇ.ജെ. ലൂക്കോസ് സാർ നമ്മേ വേർപിരിഞ്ഞിട്ട് ഒരു വർഷം തികയുന്നു. ക്നാനായ സമുദായത്തിന്റെ പാരമ്പര്യങ്ങളും, പൈതൃകങ്ങളും സംരക്ഷിക്കുന്നതിലും പരിപാലിക്കുന്നതിലും ആരുമായും ഒരു വിട്ടു വീഴ്ചയ്ക്കും തയ്യാറാകാതിരുന്ന സാധാരണക്കാരുടെ നേതാവായിരുന്ന ലൂക്കോസ് സാർ, മറ്റുള്ളവർക്കു ഒരു മാതൃകയായിരുന്നു. സംഘടനാ പ്രവൃത്തനത്തിൽ സംഘടനാ നേതാക്കളുടെ നേതാവായ ഇ.ജെ. ലൂക്കോസ് സാർ 1955 ജനുവരി 17 ന് ഉഴവൂർ ഒ.എൽ.എൽ സ്കൂളിൽ അദ്ധ്യാപകനായ ഔദ്യോകിക ജീവിതമാരംഭിച്ചു. അതിനുശേഷം കേരള സംസ്ഥാനത്തെ സഭാ, സാമുദായിക, സാമൂഹിക, സാംസ്ക്കാരിക, രാഷ്ട്രീയ മണ്ഡലങ്ങളിൽ തന്റേതായ സംഭാവനകൾ നൽകുകയും, തന്റെ നേതൃത്വപാടവം പ്രകടമാക്കുകയും ചെയ്തു. എം.ജി. യൂണിവേഴ്സിറ്റി സ്ഥാപക നേതാവ് ക്നാനായ കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡന്റ്, കേരള കോൺഗ്രസ്സ് സംസ്ഥാന വൈസ് ചെയർമാൻ, കോട്ടയം ജില്ലാ പ്രസിഡണ്ട്, കേരള നിയമസഭാംഗം (1982 -1987 ഏറ്റുമാനൂർ) എം.ജി. സർവ്വകലാശാല പ്രഥമ സിൻഡിക്കേറ്റ് മെമ്പർ, ഏറ്റുമാനൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് സ്ഥാപകൻ, പട്ടർമഠം ശുദ്ധജലവിതരണപദ്ധതിയുടെ മുഖ്യസൂത്രധാരകരിൽ ഒരാൾ എന്നിങ്ങനെ നിരവധി തലങ്ങളിൽ ലൂക്കോസ് സാറിന്റെ പ്രവൃത്തനത്തിന്റേയും നേതൃത്വ പാടവത്തിന്റെ കയ്യൊപ്പുകൾ വീണിട്ടുണ്ട്. തികഞ്ഞ സമുദായ സ്നേഹിയായിരുന്ന ലൂക്കോസ് സാറിന്റെ നേതൃത്വത്തിൽ, എ.ഡി. 345 ക്നാനായ തൊമ്മൻ കപ്പലിറങ്ങിയ കൊടുങ്ങല്ലൂരിൽ ക്നായി തോമാ ഭവനും ക്നായി തോമാ ടവറും സ്ഥാപിക്കുകയും മാർഗ്ഗംകളിയെ കേരള സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു. കെ.സി.എസ്സിന്റെ വിവിധ പരിപാടികളിൽ സാന്നിദ്ധ്യമായിരുന്ന ഇ.ജെ. ലൂക്കോസ് സാറിന്റെ സ്മരണയ്ക്കുമുമ്പിൽ ചിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റി ആദരാഞ്ജലികൾ അർപ്പിക്കുന്നു.

കെ. സി. എസ്. എന്ന വലിയ കുടുംബത്തിൽനിന്ന് വേർപിരിഞ്ഞ് ദൈവസന്നിധിയിലേക്ക് പോയ ജോസഫ് സ്റ്റീഫൻ പുത്തൻപുരയിൽ, ജോസഫ് കാഞ്ഞിരത്തുങ്കൽ, ജോർജ് പടിഞ്ഞാറേൽ എന്നിവരുടെ സ്മരണയ്ക്കുമുമ്പിൽ കെ.സി.എസ്. കുടുംബാംഗങ്ങൾ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ജോസഫ് സ്റ്റീഫൻ പുത്തൻപുരയിൽ

ജോസഫ് കാഞ്ഞിരത്തുങ്കൽ

പടിഞ്ഞാറേൽ ജോർജ് (കോരക്കുട്ടി)

കെ.സി.എസ്സ് ചാരിറ്റി "ഡോളർ ഫോർ ക്നാനായ"ക്കു തുടക്കം കുറിച്ചു

ചിക്കാഗോ: ചിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ചാരിറ്റിപ്രവർത്തനങ്ങൾക്കുവേണ്ടി "ഡോളർ ഫോർ ക്നാനായ" പദ്ധതിക്കു തുടക്കം കുറിച്ചു. ക്നാനായ സമുദായത്തിൽ സാമ്പത്തികമായി വിഷമം അനുഭവിക്കുന്നവരേ സഹായിക്കുക എന്നുള്ളതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. സമുദായ അംഗങ്ങളുടെ ഭവനങ്ങളിൽ മംഗളകർമ്മങ്ങളും, ജന്മദിനംപോലുള്ള ആഘോഷങ്ങൾ നടക്കുമ്പോൾ സമുദായത്തിൽ നിർദ്ദനരായ സഹോദരീ സഹോദരന്മാരേ സഹായിക്കുന്നതിന് ഒരു നിശ്ചിത തുക നിങ്ങൾക്ക് ഈ പദ്ധതിയിലേക്ക് സംഭാവന നല്കാവുന്നതാണ്. "ഡോളർഫോർ ക്നാനായ" എന്ന പദ്ധതിയുടെ ഉൽഘാടനം തോമസ് നന്ദികാട്ടിൽനിന്നും ആയിരം ഡോളറിന്റെ സംഭാവന സ്വീകരിച്ചുകൊണ്ട് കെ.സി.സി.എൻ.എ പ്രസിഡന്റ് ഷീൻസ് ആകശാല നിർവ്വഹിച്ചു.













KCS
KNANAYA CATHOLIC SOCIETY OF CHICAGO
5110 N. Elston Ave., Chicago, IL 60630